# ജപമാല ചങ്ങല പ്രാർത്ഥന

വിശാഖപട്ടണം സിററിയുടേയും ബംഗാൾ ഉൾക്കടലിന്റേയും മീതെ ശിരസ്സുയർത്തി നിൽക്കുന്ന മേരി മാതാ തീർത്ഥാടന കേന്ദ്രം ഒരു ശതാബ്ദത്തിലേറെയായി ശ്രദ്ധേയമായ ആത്മീയ സ്രോതസാണ്. പരിശുദ്ധാരൂപിയുടെ പ്രചോദനത്താൽ കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷങ്ങളായി തുടർച്ചയായി ജപമാല ചങ്ങല പ്രാർത്ഥനയെന്ന പ്രാർത്ഥനായജ്ഞം ഇവിടെ വളരെ ആത്മീയ ചൈതന്യത്തോടെ നടത്തിവരുന്നു. ഈ പ്രാർത്ഥനായജ്ഞത്തിന്റെ രജത ജൂബിലി വർഷത്തിൽ സർവ്വനൻമകളുടെയും ഉടയവനായ ദൈവത്തിന് നന്ദിയുടെ നറുമലരുകളർപ്പിക്കുന്നു. ഈ അവസരത്തിൽ പ്രോത്സാഹനത്തോടും അനുഗ്രഹത്തോടും നമ്മെ നയിച്ച ദിവംഗതനായ ബഹു: മരിയദാസ് മെത്രാപ്പോലീത്തയോടും ഇപ്പോഴത്തെ മെത്രാപ്പോലീത്തയായ മല്ലവരപ്പു പ്രകാശിനോടും നമ്മൾ കടപ്പെട്ടിരിക്കുന്നു. ഇപ്പോൾ, വിദൂരസ്ഥരും സമീപസ്ഥരുമായ അനേകം തീഷ്ണമതികളായ പ്രാരംഭകരെ നന്ദിയോടെ സ്മരിക്കുന്നു. എണ്ണമറ്റ വൈദീകരും സിസ്റേറഴ്സും അത്മായരും ഇന്നോളം വളരെ പ്രശംസനീയമാംവിധം ഈ ആത്മീയ സംരംഭത്തിൽ പങ്കാളികളായിരുന്നു എന്ന് കൃതജ്ഞതയോടെ സ്മരിക്കുന്നു.

## ജപമാല എന്തിനാണ്?

ജപമാല വഴി ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്ക് വിമോചനവും നമുക്ക് പാപബന്ധനങ്ങളിൽനിന്നും വിടുതലും ലഭിക്കുന്നു. നമ്മുടെ വിശ്വാസ വഴിയിൽ ജപമാല പ്രാർത്ഥിക്കുമ്പോൾ ലക്ഷ്യം തെറ്റാതെ സ്വർഗ്ഗീയ പാതയിൽ മുന്നേറും. നമ്മുടെ ജീവിത പ്രശ്നങ്ങളിൽ ഏറ്റവും നല്ല പ്രതിവിധിയും ഇതു തന്നെ. ഒരു സമൂഹമായി ചേർന്ന് പരിശുദ്ധ ബലിയർപ്പിക്കുമ്പോൾ വലിയ ദൈവകൃപയാണ് നാം അനുഭവിക്കുന്നത്. അതുപോലെതന്നെ സമൂഹമായി ചേർന്ന് ജപമാല അർപ്പിക്കുമ്പോൾ അത് പരിശുദ്ധ അമ്മയ്ക്ക് സമ്മാനിക്കുന്ന ബൃഹത്തായ പൂമാലയാണ്. അതേസമയം നാം പരിശുദ്ധ അമ്മയിലൂടെ മഹത്തായ അനുഗ്രഹങ്ങളും പ്രാപിക്കുന്നു. വിശുദ്ധ ജോൺ പോൾ 2-ാംമൻ പറയുന്നു: "മനുഷ്യസമൂഹത്തിലെ തിൻമകൾക്കെതിരായ ഏറ്റവും ശക്തമായ ആത്മീയ ആയുധമാണ് ജപമാല". ജപമാല ചങ്ങല പ്രാർത്ഥനയുടെ ഇരുപത്തിയഞ്ചാം വർഷത്തിലേക്കു നാം കടക്കുമ്പോൾ ഈ പ്രാർത്ഥനയുടെ ശക്തിയെന്താണെന്നു മറ്റുള്ളവർക്ക് വെളിപ്പെടുത്തുകയും അതിലൂടെ ജപമാല വഴിയായുള്ള അനുഗ്രഹങ്ങൾ, പ്രത്യേകിച്ചു സമാധാനവും കുടുംബത്തിന്റെ ഐക്യവും എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യാം.

## ജപമാല ചങ്ങല പ്രാർത്ഥന എങ്ങനെ ?

നിങ്ങൾക്ക് അനുയോജ്യമായ സ്ഥലത്തു പകലോ രാത്രിയോ ഒരു മണിക്കൂർ തിരഞ്ഞെടുക്കുക. ജപമാല മാസമായ ഒക്ടോബർ മാസത്തിൽ എല്ലാ ദിവസവും ഈ സമയം പാലിച്ച് ജപമാല പ്രാർത്ഥിക്കുക. ഓരോ ജപമാല രഹസ്യവും ധ്യാനിച്ച് പ്രാർത്ഥിച്ച് നൽകപ്പെട്ടിരിക്കുന്ന നിയോഗങ്ങൾക്കായി സമർപ്പിക്കുക. ഒറ്റക്കോ കുടുംബമായോ സമൂഹമായോ പ്രാർത്ഥിക്കുക. മുഴുവൻ ജപമാല അർപ്പിക്കുവാൻ കഴിയാത്തവർ ആ ദിവസത്തെ ജപമാലയും ലുത്തിനിയായും ചൊല്ലുക. അങ്ങനെ ഒക്ടോബർ മാസത്തിലെ 31 ദിവസവും 24 മണിക്കൂറും ലക്ഷോപലക്ഷം ജപമാലകൾ ഉയരട്ടെ. 2019 ഒക്ടോബർ 1 മുതൽ 2020 സെപ്തംബർ 30 വരെയും പങ്കെടുക്കുന്നവർക്ക് പ്രത്യേകം സ്വാഗതം. നിങ്ങളുടെ പങ്കാളിത്തം ഈ-മെയിൽ വഴിയോ പോസ്റ്റ് വഴിയോ ഞങ്ങളെ അറിയിക്കുക. അങ്ങനെ നിങ്ങൾക്ക് ജപമാല ചങ്ങല പ്രാർത്ഥനയിൽ ഒരു അംഗമാകാം.

## പരിശുദ്ധ ജപമാല തിരുന്നാൾ

ജപമാല ചങ്ങല പ്രാർത്ഥനയുടെ രജത ജൂബിലി ആഘോഷിക്കുന്ന ഈ ഒക്ടോബർ മാസത്തിൽ റോസ് ഹിൽ തീർത്ഥാടന കേന്ദ്രത്തിൽ രാവിലെ മുതൽ വൈകിട്ട്വരെ മൂന്നു ദിവസത്തെ മരിയൻ കൺവെൻഷൻ നടത്തുന്നു :

ഒക്ടോബർ 5 ശനിയാഴ്ച

തെലുഗു ഉപവാസ ധ്യാനം.

( രാവിലെ 10 മുതൽ വൈകിട്ട് 3 വരെ )

ഒക്ടോബർ 6 ഞായറാഴ്ച

ഇംഗ്ലീഷ് ധ്യാനം.

( രാവിലെ 10 മുതൽ വൈകിട്ട് 2 വരെ )

ഒക്ടോബർ 7 തിങ്കളാഴ്ച്ച

മരിയൻ ധ്യാനവും പരിശുദ്ധ ജപമാല തിരുന്നാളും.

( രാവിലെ 10 മുതൽ വൈകിട്ട് 4 വരെ )

റോസ്ഹിൽ തീർത്ഥാടന കേന്ദ്രം ഇതിനായി എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

"വിശുദ്ധ ജപമാല അസംഖ്യം അനുഗ്രഹങ്ങളുടെ കലവറയാണ്"
( വാഴ്ത്തപ്പെട്ട അലൻ ഡി ലാ റോച്ചെ )

"അതിനാൽ, ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും" ( മർക്കോസ് 11 : 24 )

"നിങ്ങൾ അപേക്ഷകളോടും യാചനകളോടും കൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ"
( എഫേസോസ് 6 : 18 )

"അങ്ങനെയെങ്കിൽ, രാവും പകലും തന്നെ വിളിച്ചു കരയുന്ന തൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്കു ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ? അവിടുന്ന് അതിനു കാലവിളംബം വരുത്തുമോ? അവർക്കു വേഗം നീതി നടത്തിക്കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു"
( ലൂക്കാ 18 : 7,8 )

"അവസാനമായി കർത്താവിലും അവിടുത്തെ ശക്തിയുടെ പ്രാഭവത്തിലും കരുത്തുള്ളവരാകുവിൻ. സാത്താൻെറ കുടില തന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിൻമയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ"
( എഫേസോസ് 6 : 10-13 )

## നിയോഗങ്ങൾ 2019-20



1. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയും സുവിശേഷ ജീവിതത്തിനായി സമർപ്പിച്ചിരിക്കുന്നവരും പരിശുദ്ധ കന്യാമറിയത്തിന്റെ സമ്പൂർണ്ണ സമർപ്പണത്തിൽ നിന്നും പ്രചോദനം സ്വീകരിക്കുവാൻ.





2. മനുഷ്യകുലം മുഴുവനും സഹോദര സ്നേഹത്തിലും കാരുണ്യത്തിലും അടിയുറച്ച ജീവിതം പുലർത്തുവാൻ.





3. എല്ലാ ക്രൈസ്തവ വിശ്വാസികളും വചനാത്മകമായി ക്രിസ്തുവിൽ ജീവിതസാക്ഷികളായി ജീവിക്കുവാൻ.





4. ഓരോ മാതാപിതാക്കളും അവരുടെ മക്കളെ കൃപാജീവിതത്തിന് സമർപ്പിച്ച് ദൈവമക്കളാക്കി വളർത്തുവാൻ.





5. ക്രൈസ്തവ മാതാപിതാക്കൾ അവരുടെ സൽപ്രേരണയിലൂടെ അവരുടെ മക്കളെ ദൈവരാജ്യത്തിന്റെ സജ്ജീവ സാക്ഷികളാക്കി രൂപപ്പെടുത്തുവാൻ.





6. ജലത്താലും ആത്മാവിനാലും പുതുതായി ജ്ഞാന സ്നാനം സ്വീകരിക്കുന്നവർ യഥാർത്ഥ ദൈവമക്കളുടെ സ്നേഹത്തിൽ ജീവിക്കുവാൻ.





7. വൈവാഹിക ജീവിതത്തിന് വിളിയുള്ള യുവതീ യുവാക്കൾ പക്വവും പരിപാവനവുമായ സ്നേഹത്തോടുകൂടി തങ്ങളുടെ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ.





8. മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാസികളും വിശുദ്ധിയിലുള്ള ജീവിതം വഴി രക്ഷയുടെ സന്ദേശം പ്രഘോഷിക്കാൻ.





9. എല്ലാ ക്രൈസ്തവ വിശ്വാസികളും, നാടും വീടും ഇല്ലാതെ കഷ്ടപ്പെടുന്ന അഭയാർത്ഥികളിൽ, ക്രിസ്തുവിന്റെ തിരുമുഖം തിരിച്ചറിഞ്ഞ് അവരെ സേവിക്കുവാൻ.





10. പരിശുദ്ധ കുർബ്ബാനയിൽ ക്രിസ്തു സത്യമായും നിത്യമായും സന്നിഹിതനായിരിക്കുന്നു എന്ന വിശ്വാസത്തോടെ കത്തോലിക്കർ ഈ കൂദാശ സ്വീകരിക്കുവാൻ.



11. അനേകം പ്രശ്നങ്ങളും സഹനങ്ങളും വഴി കഷ്ടപ്പെടുന്നവർ യേശുവിന്റെ പീഡാസഹന യോഗ്യതയാൽ ആശ്വാസവും സമാധാനവും അനുഭവിക്കുവാൻ.

12. അഗതികളും അശരണരുമായ ജനത്തിന് കോടതികളിൽ ന്യായവും സംരക്ഷണവും ലഭിക്കുവാൻ.

13. ദുശ്ശീലങ്ങളുടെ അടിമത്വത്തിൽ ഉഴലുന്ന യുവാക്കൾ സമ്പൂർണ്ണ വിമോചകനായ യേശുക്രിസ്തുവിൽ ഉറ്റ് നോക്കി പുതുജീവൻ പ്രാപിക്കുവാൻ.

14. യേശുവിന്റെ കുരിശുമരണത്തിന്റെ യോഗ്യതയാൽ തൊഴിലും പാർപ്പിടവും സാമ്പത്തിക ഭദ്രതയും ഇല്ലാത്തവർ ഈ കഷ്ടതകളിൽ നിന്നും കരകയറുവാൻ.

15. മതപീഡനത്തിനിരയായ വിശ്വാസികൾ ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ വരദാനഫലങ്ങൾ പ്രാപിക്കുവാൻ.

16. മരിച്ചവരുടെ ആത്മാക്കൾ ദൈവത്തിന്റെ കരുണയും സമ്പൂർണ്ണ രക്ഷയും സ്വീകരിക്കുവാൻ.

17. മരണശയ്യയിൽ ഉള്ളവർ അവരുടെ പാപത്തിന് ക്ഷമാപണം യാചിക്കുകയും സമാധാനത്തിൽ നിത്യജീവനിൽ പ്രവേശിക്കുകയും ചെയ്യുവാൻ.

18. സത്യാന്വേഷികളായ വിശ്വാസികളുടെമേൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും വർഷിക്കപ്പെടുവാൻ.

19. ലൗകീക ധനവും വസ്തുക്കളും കൈകാര്യം ചെയ്യുന്നവർ അവ നിസ്വാർത്ഥ മനോഭാവത്തോടെ കൈകാര്യം ചെയ്യുവാൻ.

20. ഈ ജപമാല ചങ്ങലയിൽ ചേർന്ന് പ്രാർത്ഥിക്കുന്നവർ ദൈവീക ജീവിതത്തിലെ വെല്ലുവിളികളെ അർത്ഥവത്തായി നേരിട്ട്, അതിലൂടെ സ്വർഗ്ഗീയ മാതാവിന്റെ മഹിമയിൽ പങ്കാളികളാകുവാൻ.

## ROSARY DEVOTIONS AT ROSS HILL

**Every 1st Saturday :**

*Fasting Prayer, Mass and Procession with Statue of Our Lady of Fatima (10.00 a.m. to 6.00 p.m.)*

**Every 2nd Saturday & Last Sunday**

*Complete Rosary Mysteries with 1000 Hail Marys. (10.00 a.m. to 3.00 p.m.)*


The Director
Mary Matha Shrine Ross Hill,
Visakhapatnam-01 , A.P., India
chainrosaryprayer@gmail.com,
PH : 0891 -2562318, Cell : 9573709412
www.rosarychainprayer.com
www.rosshillshrine.org





# ജപമാല ചങ്ങല പ്രാർത്ഥന

2019

